# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ബി.പി./3 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 20/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ബി.പി./3 /2023 തീയ്യതി: 20/03/2023

## തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഷീലാ ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 07-12-2022 | 15-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-12-2022 | 15-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി. ശ്രീദേവി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ദീപ.എസ്.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. മിനിമോൾ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഒ.എസ്. അംബിക | പ്രസിഡന്റ് | 01-04-2021 | 19-05-2021 |
| ശ്രീ.ഫിറോസ് ലാൽ.എസ് | പ്രസിഡന്റ് | 20-05-2021 | 25-07-2021 |
| ശ്രീമതി.ജയശ്രീ.പി.സി | പ്രസിഡന്റ് | 26-07-2021 | 31-03-2022 |
| ശ്രീ. ജോർജ് അലോഷ്യസ് | സെക്രട്ടറി | 01-04-2021 | 10-05-2021 |
| ശ്രീ. ലെനിൻ.എൽ | സെക്രട്ടറി | 11-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. സിജു | മെഡിക്കൽ ഓഫീസർ | 01-04-2021 | 02-06-2021 |
| ശ്രീ. അജിത് ചക്രവർത്തി | മെഡിക്കൽ ഓഫീസർ | 03-06-2021 | 31-03-2022 |
| ശ്രീമതി. വിമല | ക്ഷീരവികസന ഓഫീസർ | 01-04-2021 | 06-10-2021 |
| ശ്രീമതി. സുസ്മിത | ക്ഷീരവികസന ഓഫീസർ | 07-10-2021 | 31-03-2022 |
| ശ്രീ. ജ്യോതിഷ് ചന്ദ്രൻ | അസി. എക്സി. എഞ്ചിനീയർ | 01-04-2021 | 07-10-2021 |
| ശ്രീ. വിനോദ്.എസ് | അസി. എക്സി. എഞ്ചിനീയർ | 08-10-2021 | 20-10-2021 |
| ശ്രീ.ബിജു.ആർ | അസി. എക്സി. എഞ്ചിനീയർ | 21-10-2021 | 31-03-2022 |
| ഡോ. ശ്യാംജി വോയിസ് | മെഡിക്കൽ ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ജാസ്മിൻ.ബി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 20-12-2021 |
| ശ്രീ.ടോണി | വ്യവസായ വികസന ഓഫീസർ (അഡീഷണൽ ചാർജ്) | 20-12-2021 | 02-03-2022 |
| ശ്രീ. ഇമ്മാനുവൽ | വ്യവസായ വികസന ഓഫീസർ | 03-03-2022 | 31-03-2022 |
| ഡോ. ശബ്ന.ഡി.എസ് | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. രാജലക്ഷ്മി | ശിശുവികസന പ്രോജക്ട് ഓഫീസർ | 01-03-2021 | 05-11-2021 |
| ശ്രീമതി. സീജി മജിദ് | ശിശുവികസന പ്രോജക്ട് | 06-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി. ജിജി ഭായ് | വെറ്ററിനറി സർജൻ | 01-04-2021 | 30-09-2021 |
| ശ്രീ. ദേവരാജ് | വെറ്ററിനറി സർജൻ | 01-10-2021 | 31-03-2022 |
| ശ്രീ. സനൂജാ ബീഗം | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. നൗഷാദി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-5 |
| 7 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 8 | ബാങ്ക് ബുക്ക് രേഖപ്പെടുത്തൽ ക്രമപ്രകാരമല്ല | 1-7 |
| 9 | രസീത് പരിശോധന | 1-8 |
| 10 | സാക്ഷരതാ പ്രേരകിന്റെ ഓണറേറിയം തുക തിരികെ ലഭിച്ചിട്ടില്ല | 1-9 |
| 11 | പർച്ചേസ് ചെയ്ത സ്ഥാപനത്തിനെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല | 1-10 |
| 12 | വയോമിത്രം – 43567 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല | 1-11 |
| 13 | പാലിയേറ്റീവ് പരിചരണം പ്രോജക്ട് - 48950 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-12 |
| 14 | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ - പ്രോജക്ട് ഫയലുകളുടെ പരിശോധന | 1-13 |
| 15 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-14 |
| 16 | ക്ഷീരസമൃദ്ധി -പാലിന് സബ്സിഡി -വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 1-15 |
| 17 | ബാക്ക് എൻഡ് സബ്സിഡിയായി അനുവദിക്കേണ്ട തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകി | 1-16 |
| 18 | പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-17 |
| 19 | ഒന്നാം ഗഡു കൈപ്പറ്റിയിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല -തുക ഈടാക്കണം | 1-18 |
| 20 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല | 1-19 |
| 21 | വിനിയോഗ സാക്ഷ്യപത്രം ലഭ്യല്ല | 1-20 |
| 22 | എയ്റോബിക് ബിൻ കംപോസ്റ്റ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കേണ്ടതാണ് | 1-21 |
| 23 | ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-22 |
| 24 | ഇലക്ട്രിക്ക് വർക്കുകൾ ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് | 1-23 |

| | | |
|---|---|---|
| | നൽകേണ്ടതാണ്. | |
| 25 | എഞ്ചിനീയർമാർക്ക് പ്രതിഫലം നല്കിയതിന്റെ വിശദാംശം ലഭ്യമല്ല. | 1-24 |
| 26 | ആസ്തി രജിസ്റ്റർ കാലികമല്ല. | 1-25 |
| 27 | ഇഞ്ചിനീയറിംഗ് വിഭാഗം- രജിസ്റ്ററുകൾ പൂർണ്ണവും കാലികവുമല്ല | 1-25-1 |
| 28 | പത്രപ്പരസ്യം-സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകളും ഡിസ്കൗണ്ടും കണക്കാക്കിയിട്ടില്ല. | 1-26 |
| 29 | തെറാപ്പിസ്റ്റിന് ഒരു ദിവസത്തെ വേതനം 1000 രൂപ അധികം നൽകിയിരിക്കുന്നു | 1-27 |
| 30 | അധിക തുക നൽകി കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ പർച്ചേസ് ചെയ്തു | 1-28 |
| 31 | കോവിഡ് പ്രതിരോധ പ്രവർത്തനം പ്രോജക്ട് - 39797 രൂപയുടെ കമ്പ്യൂട്ടർ നാളിതുവരെ ലഭിച്ചിട്ടില്ല | 1-29 |
| 32 | സർക്കാർ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - പ്രോജക്ട് അപാകതകൾ | 1-30 |
| 33 | രേഖകൾ ഹാജരാക്കിയില്ല - 129262 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 34 | വക്കം ആർഎച്ച്സിയ്ക്ക് ഇസിജി മെഷീൻ - പ്രോജക്ടിലെ അപാകതകൾ | 1-32 |
| 35 | സെക്കന്ററി പെയിൻ പാലിയേറ്റീവ് പദ്ധതി സംബന്ധിച്ച് | 1-33 |
| 36 | ജനകീയ ഹോട്ടൽ -വിശപ്പ് രഹിത കേരളം-റിവോൾവിംഗ് ഫണ്ട് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-34 |
| 37 | കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങിയതിൽ ഇൻവോയ്സുകളിലെ വ്യത്യാസം | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.02.21 ലെ 01/21-22 നം. തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. പ്രതീക്ഷിത വരവ് 69,38,45,746/- രൂപയും ചെലവ് 66,50,10,892/- രൂപയും നീക്കിയിരിപ്പ് 3,57,83,415/- രൂപയുമാണ്.

ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1)വാർഷിക ബജറ്റ്, ഫങ്ഷൻ ഫങ്ഷനറി അക്കൗണ്ട് കോഡ് അടിസ്ഥാനത്തിൽ തയ്യാറാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതേവിഷയം പരാമർശിച്ചിട്ടുണ്ടെങ്കിലും 2021-22 വർഷത്തിലും തൽസ്ഥിതി തുടരുകയാണ്.

2.അനുപൂരകബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം വാങ്ങാതെ ബജറ്റ് റിവൈസ് ചെയ്തിരിക്കുന്നു.

3. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാനുവൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

എന്നാൽ പ്രസ്തുത രേഖകൾ ഉൾപ്പെടുത്തിയിട്ടുള്ള ബജറ്റുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല .

മേൽ പരാമർശങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (01/21-22 തീയതി.07.11.22)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് തിരികെ ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 30.06.2022 | - | - |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ വിശദാംശം ലഭ്യമാക്കാത്തതിനാൽ ഈയിനങ്ങളിലെ കൃത്യത ബോദ്ധ്യപ്പെടാനായില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

3. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ജനറേറ്റഡ് (16941215) എന്നതും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (8570809) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. വർഷാന്ത്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ B-14 Stock In Hand (Inventories) '0'ആയി രേഖപ്പെടുത്തിയിരിക്കുന്നു.

5. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി 2021 മാർച്ച് ലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6. ബ്ലോക്ക് പഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Asset- കളുടെ അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ Income &

Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | ഹെഡ് കോഡ് | Fixed Asset | 2020-21 ബാലൻസ് ഷീറ്റ് പ്രകാരം | 2021-22 ബാലൻസ് ഷീറ്റ് പ്രകാരം |
|---|---|---|---|---|
| 1 | 411300101 | Roads & Bridges | 1499640 | 1499640 |
| 2 | 411310101 | Sewerage & Drainage | 43193 | 43193 |
| 3 | 411320101 | Waterways | 204926 | 204926 |

ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

7. വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം സംയുക്ത പ്രോജക്ടുകളുടെ വരവ് ചെലവ് വിശാദാംശങ്ങൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | 2020-21 B 4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP 7, RP 31 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | 2021-22 B 4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 6120163 | 2824000 | 8944163 | 0 | 0 |
| വില്ലേജ്/ഗ്രാമ പഞ്ചായത്ത് വിഹിതം | 1769024 | 5270580 | 7039604 | 0 | 4132983 |

സംയുക്ത പദ്ധതികളുടെ ചെലവ് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

8. RP-7 ഷെഡ്യൂളിൽ ഹെഡ് നം. 160300203 – Contributions Towards Other Schemes-from Grama Panchayats ഇനത്തിൽ 6,00,000 രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുള്ളത് ഏത് ഏജൻസിയിൽ നിന്നും എന്ത് ആവശ്യത്തിന് ലഭിച്ചതാണെന്ന് വ്യക്തമല്ല.

9. MNREGS ന്റെ ക്യാഷ്ബുക്ക് പ്രകാരം 830596 രൂപ വരവും 801980 രൂപ ചെലവും ഉണ്ട്. പ്രസ്തുത കണക്കുകൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ബന്ധപ്പെട്ട അക്കൗണ്ട് നം. 10261000005391 പ്രകാരം 4640 രൂപ മുന്നിരിപ്പും 28616 രൂപ നീക്കിയിരിപ്പും കാണുന്നു. പ്രസ്തുത അക്കൗണ്ട് വിവരം RP-40 (A), RP 40 (B) എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

10. അക്കൗണ്ട്സ് പ്രകാരം ഹെഡ് നം. 140200102 – Penalties And Fines-fines ഇനത്തിൽ 54106 രൂപയുടെ വരവ് കാണുന്നു. വരവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

11. ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല. MNREGS ന് നൽകുന്ന അഡ്വാൻസ് വിവരങ്ങൾ മാത്രമാണ് ഉള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥർ, നിർവ്വഹണ ഏജൻസികൾ എന്നിവയ്ക്ക് നൽകുന്ന അഡ്വാൻസ് വിവരങ്ങളൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ബി - 18 പ്രകാരമുള്ള ക്രമീകരിക്കാൻ അവശേഷിക്കുന്ന അഡ്വാൻസുകളുടെ വിശദാംശങ്ങൾ പരിശോധിക്കാനായില്ല.

12. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ഡെപ്പോസിറ്റ് ഇനങ്ങളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞില്ല. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളിൽ 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാനവശേഷിക്കുന്നുണ്ടോ എന്നതും വ്യക്തമല്ല. Other Deposits – Revenue, Deposits Received From Others എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുകകൾ ഏത് ഇനത്തിലുള്ളതാണെന്നും വ്യക്തമല്ല.

13. RP-40(a), (B) ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹെഡ് നം. 450410101 – IOB-IAY 4695 ബാങ്ക് അക്കൗണ്ട് (മുന്നിരിപ്പ് തുക 3113, നീക്കിയിരിപ്പ് - 0), ഹെഡ് നം. 450610109 – IDBI-80972 ബാങ്ക് അക്കൗണ്ട് (മുന്നിരിപ്പ് - 4886437, നീക്കിയിരിപ്പ് - 48864437) എന്നിവയുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

14. ചുവടെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും പ്രസ്തുത അക്കൗണ്ടുകളുടെ വിവരം 2021-22 വർഷത്തെ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ അവയുടെ ബാങ്ക് ബുക്കും സൂക്ഷിച്ചിട്ടില്ല.

| | | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | | റിമാർക്സ് |
|---|---|---|---|---|
| | | 01.04.21 ലെ മുന്നിരിപ്പ് | 31.03.22 ലെ നീക്കിയിരിപ്പ് | |
| 1 | 1199104000071752 | 55811 | 57500 | |
| 2 | 1199104000087708 | - | 0 | 20.09.21 ൽ ആരംഭിച്ചു. ട്രാൻസാക്ഷൻ ഇല്ല. |
| 3 | 40092200096475 * | - | 1726454.67 | |
| 4 | 12960100166843 | 2274885.13 | 2460915.13 | |

* ചെക്ക് നം. 887142/30.12.21 പ്രകാരം State Mission Director, NHM, TVPMൽ നിന്നും ലഭിച്ച 10,00,000 രൂപ 13.01.22 ൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പട്ടികയിലെ ക്രമ നം. 2 പ്രകാരമുള്ളതും 2021-22ൽ ആരംഭിച്ചിട്ടുള്ളതുമായ അക്കൗണ്ട് ഓപ്പൺ ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനം ലഭ്യമായില്ല.

15. ചെലവ് രേഖപ്പെടുത്തുന്നതിനുള്ള സാംഖ്യ വൗച്ചർ സൂക്ഷിക്കുന്നില്ല. ആയതിനാൽ എല്ലാ ചെലവുകളും വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.2,3,4,10) എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടികൾ അപൂർണ്ണമാണ്. അപാകതകൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ചുകൊണ്ട് വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 23470319 | 23470319 | 21845381 | 1624938 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 20012000 | 20012000 | 16868222 | 3143778 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | - | - | - | - |
| വികസനഫണ്ട് (CFC Tied) | 0 | 10083487 | 10083487 | 3051147 | 7032340 |
| വികസനഫണ്ട് (CFC Untied) | 0 | 5316929 | 5316929 | 5220457 | 96472 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 8068715 | 8068715 | 7881692 | 187023 |

1. വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 21845381 |
| | ACR | 22314397 |
| | Accounts | 7989099 |
| Development Fund (SCP) | Grant Statement | 16868222 |
| | ACR | 17604484 |
| | Accounts | 16868222 |
| Development Fund (CFC Tied) | Grant Statement | 3051147 |
| | ACR | 3051147 |
| | Accounts | 7989099 |
| Development Fund (CFC UnTied) | Grant Statement | 5220457 |
| | ACR | 5220457 |
| | Accounts | 5279182 |

2. സർക്കാർ ഉത്തരവ് (കൈ)നം11/2018.ത.സ്വ.ഭ.വ. തീയതി.29.01.2018, ഖണ്ഡിക 6.1.1 പ്രകാരം പട്ടികജാതി ഉപപദ്ധതി

വിഹിതം ഫണ്ടുകൾ പാഴാക്കാൻ പാടില്ല. 2021-22 വർഷം വകയിരുത്തിയ ചുവടെ പറയുന്ന എസ്.സി.പി ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം. | പദ്ധതി പേര് | അടങ്കൽ (ഫണ്ട്) | പദ്ധതി ഏറ്റെടുത്ത നിർവഹണോദ്യോഗസ്ഥൻ | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 116/22 | വനിത എസ് സി ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ | 600000 (എസ്.സി.പി) | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | മറുപടി നൽകിയില്ല. |
| 86/22 | എ.കെ നഗർ കോളനി റോഡ് പാർശ്വഭിത്തി നിർമ്മാണം രണ്ടാം ഘട്ടം | 1000000 | അസി.എക്സിക്യൂട്ടീവ് ഇഞ്ചിനീയർ | മാർച്ച് മാസം പദ്ധതി പൂർത്തിയാക്കി. ബിൽ സമർപ്പിക്കാൻ കഴിഞ്ഞില്ല. |
| 87/20 | ലക്ഷംവീട് വാഴത്തോപ്പ് ഓട നിർമ്മാണം | 1000000 | അസി.എക്സിക്യൂട്ടീവ് ഇഞ്ചിനീയർ | സൈറ്റിലുണ്ടായ തർക്കം മൂലം പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞില്ല. |
| 52/22 | ഇളമ്പ എച്ച്എസ്എസ് താഴമൺകോണം റോഡ് മുദാക്കൽ ഗ്രാമപഞ്ചായത്ത് | 600000 | അസി.എക്സിക്യൂട്ടീവ് ഇഞ്ചിനീയർ | സൈറ്റിലുണ്ടായ തർക്കം മൂലം പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞില്ല. |
| 147/22 | ടെൻഡർ അധികമായ പ്രോജക്ടുകൾക്ക് തുക വകയിരുത്തൽ | 111000 | അസി.എക്സിക്യൂട്ടീവ് ഇഞ്ചിനീയർ | പ്രോജക്ടുകൾ നടപ്പിലാക്കുന്ന മുറയ്ക്ക് തുക ചെലവഴിക്കുന്നതാണ്. |
| 150/22 | കിഴുവിലം ഗ്രാമപഞ്ചായത്ത് ചിലക്കൂർ തകരപ്പറമ്പ് കലുങ്ക് നിർമ്മാണം | 600000 | അസി.എക്സിക്യൂട്ടീവ് ഇഞ്ചിനീയർ | പ്രോജക്ട് ഉപേക്ഷിക്കാൻ ഭരണസമിതി നിർദ്ദേശിച്ചു. |

3. ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ സുലേഖ ചെലവ് പത്രിക പ്രകാരം പട്ടികജാതി ഉപപദ്ധതിക്കായി വകയിരുത്തിയ ആകെ 24016010 രൂപയിൽ 16868222 രൂപ മാത്രമാണ് ചെലവഴിച്ചത്. 30% തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

4. ഖ. 5.4.1(10) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതാഘടക പദ്ധതിയിക്ക് വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ വകയിരുത്തൽ നടത്തിയതിന്റെ 42% മാത്രമേ ചെലവഴിച്ചിട്ടുള്ളു.

5. ബ്ലോക്ക് പഞ്ചായത്തിൽ 2021-22 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 7725260 | 4965437 | 64.27 |
| | പട്ടിക ജാതി | 2076667 | 860000 | 41.41 |
| സേവനം | പൊതുവിഭാഗം | 52347362 | 31169193 | 59.54 |
| | പട്ടിക ജാതി | 16972212 | 14146600 | 83.35 |
| പശ്ചാത്തലം | പൊതുവിഭാഗം | 3371576 | 2238475 | 66.39 |
| | പട്ടിക ജാതി | 5871798 | 1861622 | 31.70 |

6. 2020-21 ലെ ബി 4 ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകകൾ 2021-22 ലും മാറ്റമില്ലാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 320100118 | Centrally Sponsored Scheme-IWMP | 661026 |
| 2 | 320100204 | Grant For Specific Purposes-other Central Government Grants-Local Area D | 189700 |
| 3 | 320200101 | Development Fund General -Capital | 1174375 |
| 4 | 320200104 | Development Fund Central Finance Commission Grant | 2067513 |
| 5 | 320200199 | Grant For Specific Purposes-other Govt. Agencies | 50000 |

മേൽ തുകകൾ ചെലവഴിക്കാത്തതിനുള്ള കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 02/08.12.22 ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി തുക കാര്യക്ഷമമായി ചെലവഴിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും ശ്രദ്ധ അനിവാര്യമാണ്. പദ്ധതി തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ നീക്കിയിരുപ്പായി രേഖപ്പെടുത്തിയിട്ടുള്ളതിനുള്ള സാഹചര്യം വ്യക്തമല്ല. മുൻവർഷ രേഖകൾ കൂടി പരിശോധിച്ച് പദ്ധതിപ്പണം ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ എന്നത് ഉറപ്പ് വരുത്തേണ്ടതും, തുക നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പ്ലാൻ ഹെഡിലേക്ക് തിരികെ ഒടുക്കേണ്ടതുമാണ്.

## 1-4 പദ്ധതി അവലോകനം

എ) പ്രോജക്ട് നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 5 | 5 | 0 | 100 | 3065875 | 3026102 | 98.7 |
| Ii | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 37 | 34 | 3 | 92 | 32084302 | 17592416 | 54.8 |
| Iii | മെഡിക്കൽ ഓഫീസർ – ഗവണ്മെന്റ് ഹോസ്പിറ്റൽ | 5 | 5 | 0 | 100 | 2481424 | 2430382 | 97.9 |
| Iv | മെഡിക്കൽ ഓഫീസർ – താലൂക്ക് ഹോസ്പിറ്റൽ | 12 | 12 | 0 | 100 | 11823450 | 11818688 | 99.9 |
| V | പട്ടികജാതി വികസന ഓഫീസർ | 5 | 5 | 0 | 100 | 8754212 | 6276800 | 71.7 |
| Vi | അസി.ഡയറക്ടർ, കൃഷി | 2 | 2 | 0 | 100 | 1653000 | 1653000 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Vii | അസി.ഡയറക്ടർ/സീനിയർ വെറ്ററിനറി സർജൻ/ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 8 | 8 | 0 | 100 | 6518927 | 4095190 | 62.8 |
| Viii | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 2 | 1 | 67 | 1070000 | 167247 | 15.6 |
| Ix | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 33 | 21 | 12 | 64 | 20913685 | 8022758 | 38.3 |
| ആകെ | | 110 | 94 | 16 | 85 | 88364875 | 55082583 | 62.3 |

1) ആകെ വകയിരുത്തിയതിന്റെ 62 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2) എ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വകയിരുത്തിയ ഫണ്ടിന്റെ 50 ശതമാനത്തിൽ താഴെയാണ് തൻവർഷം ചെലവഴിച്ചത്.
ബി) ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ വകയിരുത്തിയ ഫണ്ടിന്റെ വെറും 15.6 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.
സി) തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക |
|---|---|---|---|---|
| I | 82/22 | അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിലെ അംഗൻവാടി നമ്പർ 47 കെട്ടിട നിർമ്മാണം | അസി.എക്സിക്യൂട്ടീവ് ഇഞ്ചിനീയർ | 277520 |
| Ii | 86/22 | എ.കെ നഗർ കോളനി റോഡ് പാർശ്വഭിത്തി നിർമ്മാണം രണ്ടാം ഘട്ടം | അസി.എക്സിക്യൂട്ടീവ് ഇഞ്ചിനീയർ | 1000000 |

ബി) പദ്ധതി ആസൂത്രണം

1. ആസൂത്രണ സമിതി

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.1(ബി)പ്രകാരം പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതി 01.01.22 ൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും മേൽ ചുമതലകൾ നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 10.01.22 ൽ കൂടിയ യോഗത്തിന്റെ മിനിട്സിൽ പങ്കെടുത്തവരുടെ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ മറ്റ് തീരുമാനങ്ങളൊന്നും രേഖപ്പെടുത്തുകയോ മിനിട്സ് ക്ലോസ് ചെയ്യുകയോ ചെയ്തിട്ടില്ല. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. അപ്രകാരം പുനഃ സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 2022-23 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 12.01.22 മുതൽ 15.01.22 വരെയുള്ള തീയതികളിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ പല വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സും ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. കൂടാതെ 2022-23 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് കൂടിയ ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് പരിശോധിച്ചതിൽ യോഗം കൂടിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത മീറ്റിംഗിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ

മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

3. വികസന സെമിനാർ

2021-22 വർഷത്തെ വികസന സെമിനാറിന്റെ മിനിട്സ് പരിശോധിച്ചതിൽ 17.02.22 ലെ വികസന സെമിനാറിൽ പങ്കെടുത്തവരുടെ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ മറ്റ് തീരുമാനങ്ങളൊന്നും രേഖപ്പെടുത്തുകയോ മിനിട്സ് ക്ലോസ് ചെയ്യുകയോ ചെയ്തിട്ടില്ല. CFC ഫണ്ടുകളുടെ പ്രോജക്ട് തയ്യാറാക്കാലുമായി ബന്ധപ്പെട്ട് 06.05.21 ൽ കൂടിയ വികസന സെമിനാറിന്റെ മിനിട്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

4. ഗ്രാമസഭ

2021-22 വർഷത്തെ ബ്ലോക്ക് ഗ്രാമസഭയുടെ മിനിട്സ് പരിശോധിച്ചതിൽ 12.01.2022 ലെ യോഗത്തിൽ പങ്കെടുത്തവരുടെ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ മറ്റ് തീരുമാനങ്ങളൊന്നും രേഖപ്പെടുത്തുകയോ മിനിട്സ് ക്ലോസ് ചെയ്യുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.37/15.12.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽപ്പറഞ്ഞവയുടെ മീറ്റിംഗുകൾ കോവിഡ് കാലമായതിനാൽ ഓൺലൈനായും മറ്റുമാണ് കൂടിയതെന്നും ആയതിനാലാണ് മിനിട്സ് കൃത്യമായി രേഖപ്പെടുത്താൻ കഴിയാത്തതെന്നും ഇനിയുള്ള കാലയളവിൽ അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

## 1-5 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.ആയതിന്റെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
1.ആസ്തി രജിസ്റ്റർ കാലികമല്ല.
2.ദൈനംദിന വരവ്-ചെലവുകൾ കൃത്യമായി ബാങ്ക്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.
3.വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുന്നില്ല..
4.അക്കൌണ്ടുകളിലെ വരവ്-ചെലവുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.
5.വരവുകൾ സ്വീകരിക്കുമ്പോൾ സാംഖ്യ രസീതുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കാൻ ജനറൽ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്,

## 1-6 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.02.2022 മുതൽ 10.02.2022 വരെ | 2020-21 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.12.2019 മുതൽ 23.12.2019 വരെ | 2014-15 മുതൽ 2018-19 വരെ | 22.01.2020 |

## 1-7 ബാങ്ക് ബുക്ക് രേഖപ്പെടുത്തൽ ക്രമപ്രകാരമല്ല

ദൈനംദിന വരവ്-ചെലവുകൾ കൃത്യമായി ബാങ്ക്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

എ) 13.01.22 ന് IOB-60529 നം. ബാങ്ക് അക്കൗണ്ടിൽ നിന്ന് 70000 രൂപ 078001000018925 നം. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഇത് ബന്ധപ്പെട്ട ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയത് 09.03.2022 നാണ്.

ബി) 27.04.21 ന് IOB-3873 നം. അക്കൗണ്ടിൽ വരവ് വന്ന 21000 രൂപ ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയത് 08.10.21 നാണ്. കൂടാതെ 4.10.21 ന് ക്രെഡിറ്റായ 3700 രൂപ, 12.10.21 വന്ന 72824 രൂപ എന്നിവ ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയത് 16.03.22 നാണ്.

കൂടാതെ മേൽ ബാങ്ക് അക്കൗണ്ടിൽ നിന്ന് 20.04.21 ന് ചെക്ക് നം. 297512 പ്രകാരം പിൻവലിച്ച 21000 രൂപ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയതും 18.10.21 നാണ്. ബാങ്ക് ബുക്കിൽ രേഖപ്പെടുത്തലുകൾ തുടങ്ങുന്നത് തന്നെ ടി തീയതിയിലാണ്.

സി) 27.04.21 ന് IOB-60529 നം. അക്കൗണ്ടിൽ വരവ് വന്ന 9300 രൂപ, 01.08.21 ന് വരവ് വന്ന 11073 രൂപ എന്നിവ ഉൾപ്പെടെ ആകെ 20373 രൂപ ബാങ്ക്ബുക്കിൽ രേഖപ്പെടുത്തിയത് 28.10.21 നാണ്. ബാങ്ക് ബുക്കിൽ രേഖപ്പെടുത്തലുകൾ

തുടങ്ങുന്നത് 18.10.21 തീയതിയിലായതിനാൽ എല്ലാ വരവ് ചെലവുകളും പ്രസ്തുത തീയതി മുതലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 35/15.12.22 ന് മറുപടി ലഭ്യമാക്കിയില്ല. വരവ്-ചെലവുകൾ അതാത് തീയതിയിൽ തന്നെ ബാങ്ക്ബുക്കിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 രസീത് പരിശോധന

രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

2. ഇലക്ഷനുമായി ബന്ധപ്പെട്ട് ഡെപ്പോസിറ്റ് തുക കളക്ട് ചെയ്യുന്നതിന് വേണ്ടി 2020-21 മുതൽ ഉപയോഗിക്കുന്ന ഒരു രസീത് ബുക്ക് മാത്രമാണ് (ബുക്ക് നം. 1) ലഭ്യമാക്കിയത്. എന്നാൽ പ്രസ്തുത രസീത് ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്തിട്ടുമില്ല.

3. പ്രസ്തുത രസീത് ബുക്കിലെ രസീത് നം. 60 മുതൽ 64 വരെ ആകെ 9000 രൂപ2021-22 വർഷം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ വരവ് ഉണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ വരവ് കാണുന്നില്ല. പ്രസ്തുത തുക ഏത് ഹെഡ്ഡിലാണ് വരവ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്.

4. വാർഷിക ധനകാര്യപത്രിക പ്രകാരം 2021-22 വർഷം ചുവടെ പറയുന്ന ഇനങ്ങളിൽ വരവ് കാണുന്നു.

| ക്രമ നം. | ഹെഡ് നം. | ഇനം | തുക |
|---|---|---|---|
| 1 | 130100101 | Rent From Buildings | 23630 |
| 2 | 150100110 | Sale Of Timber | 32957 |
| 3 | 340200102 | Auction Deposit | 708 |

മേൽപ്പറഞ്ഞ വരവുകൾക്കൊന്നും തന്നെ രസീത് നൽകിയിട്ടുള്ളതായി കാണുന്നില്ല.

5. വരവുകൾ സ്വീകരിക്കുമ്പോൾ സാംഖ്യ രസീതുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.32/15.12.22 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

1. രസീത് ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

2. രസീത് ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സെക്രട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തി വെയ്ക്കുന്നതാണ്.

3. ഇലക്ഷൻ ഇനത്തിൽ വരുന്ന വരവും ചെലവും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താറില്ലായെന്നും വരവായി ലഭിച്ച തുക ട്രഷറിയിൽ ഒടുക്കിയിട്ടുള്ളതാണെന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ഡെപ്പോസിറ്റായി ലഭിച്ച തുക വാർഷിക ധനകാര്യപത്രികയിൽ RP-34 ൽ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ട്രഷറിയിൽ തുക ഒടുക്കിയത് ആരുടെ പേരിലുള്ള അക്കൗണ്ടിലാണെന്ന് വ്യക്തമാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ പേരിലുള്ള അക്കൗണ്ടിലാണെങ്കിൽ വാർഷിക ധനകാര്യപത്രികയിൽ ചേർക്കേണ്ടതാണ്.

4. വരവുകൾക്ക് രസീത് നൽകാതെ തുക ട്രഷറിയിൽ അടച്ചതിന്റെ Pay In Slip ന്റെ പകർപ്പാണ് തുക അടച്ചയാളുകൾക്ക് നൽകിയിട്ടുള്ളത്

5. നിലവിൽ ഫ്രണ്ട് ഓഫീസ് വഴി കളക്ഷൻ സ്വീകരിക്കുന്ന സംവിധാനം പഞ്ചായത്തിൽ ഇല്ലായെന്നും അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ വരവുകൾക്കും രസീത് നൽകേണ്ടതും പ്രസ്തുത വരവുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-9 സാക്ഷരതാ പ്രേരകിന്റെ ഓണറേറിയം തുക തിരികെ ലഭിച്ചിട്ടില്ല

സ.ഉ.(സാധാ) നം.626/2021/തസ്വഭവ, തീയതി 26.02.2021 പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ സാക്ഷരതാ പ്രേരക്മാരുടെ 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിലെ ഓണറേറിയം സാക്ഷരതാമിഷൻ പിന്നീട് പ്രസ്തുത തുക തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ടായ IOB-Sarkara (OWN FUND) – 3873 ന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും ചെക്ക് നം. 297512/01.04.21 പ്രകാരം 03/21 ലെ ശമ്പളമായി 21000 രൂപ പ്രേരകിന് നൽകിയിട്ടുണ്ട്.

മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.10/12.12.22 ന് തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ലെന്നും തുക ലഭിക്കുന്നതിനായി സാക്ഷരതാമിഷന് കത്തും ഓർമ്മക്കുറിപ്പും നൽകിയിട്ടുള്ളതായും അറിയിച്ചിരിക്കുന്നു. സർക്കാരിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുക തിരിച്ചടയ്ക്കുമെന്ന് സാക്ഷരതാമിഷൻ അറിയിച്ചിട്ടുണ്ടെന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയ തുക എത്രയും വേഗം തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 പർച്ചേസ് ചെയ്ത സ്ഥാപനത്തിനെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല

എ)

| | |
|---|---|
| പദ്ധതിയുടെ പേര് | ചിറയിൻകീഴ് താലൂക്ക് ആശുപത്രി-പട്ടികജാതി രോഗികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ |
| പദ്ധതി നമ്പർ | 33/22 |
| പദ്ധതി അടങ്കൽ | 300000 (വികസന ഫണ്ട് എസ്‌സിപി) |
| പദ്ധതി ചെലവ് | 297107 (വികസന ഫണ്ട് എസ്‌സിപി) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

ബി)

| | |
|---|---|
| പദ്ധതിയുടെ പേര് | ടിബി രോഗികൾക്ക് ലിവർ കിഡ്നി ഫങ്ഷനിംഗ് ടെസ്റ്റ് |
| പദ്ധതി നമ്പർ | 31/22 |
| പദ്ധതി അടങ്കൽ | 100000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 98307 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

മേൽ പ്രോജക്ടുകളുടെ ഭാഗമായി ലക്ഷക്കണക്കിന് രൂപയുള്ള മരുന്ന്/ലാബ് റീഏജന്റുകൾ എന്നിവ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങിയിരിക്കുന്നു. സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിന്റെ നടപടിക്രമം ഫയലുകളിൽ നിന്നും വ്യക്തമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പർച്ചേസ് ചെയ്ത സ്ഥാപനം | തുക | തുക അനുവദിച്ച ട്രഷറി ബിൽ നം./തീയതി |
|---|---|---|---|---|
| 1 | 33/22 | ABC Diagnostics Pvt.Ltd | 113073 | 64/09.03.22 |
| | | ABC Diagnostics Pvt.Ltd | 33230 | 19/18.10.21 |
| | | Desire Diagnostics Pvt.Ltd | 150804 | |
| | | ആകെ | 297107 | |
| 2 | 31/22 | ABC Diagnostics Pvt.Ltd | 83452 * | 20/18.10.21 |
| | | Desire Diagnostics Pvt.Ltd | 6893 * | |
| | | ABC Diagnostics Pvt.Ltd | 7962 | 62/09.03.22 |
| | | ആകെ | 98307 | |

* ആകെ 90345 രൂപയുടെ (83452 + 6893) പ്രൊഫോർമ ഇൻവോയിസ് ഉണ്ടെങ്കിലും ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും പ്രസ്തുത മരുന്നുകളുടെ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

ക്വട്ടേഷൻ/ടെണ്ടർ വിളിക്കാതെ മേൽ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് പർച്ചേസ് നടത്തിയതിനുള്ള കാരണം വ്യക്തമാക്കുന്നതിനും അവയിൽ നിന്നും പർച്ചേസ് നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണം നം.11/12.12.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുമായി റണ്ണിംഗ് കോൺട്രാക്ടുള്ള സ്ഥാപനങ്ങളെയാണ് പർച്ചേസിനായി തെരഞ്ഞെടുത്തത് എന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-11 വയോമിത്രം – 43567 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | വയോമിത്രം ചിറയിൻകീഴ് താലൂക്ക് ആശുപത്രി-എസ് സി ഡയാലിസിസ് രോഗികൾക്ക് സൗകര്യം ഒരുക്കൽ |
| പദ്ധതി നമ്പർ | 131/22 |
| പദ്ധതി അടങ്കൽ | 800000 (വികസന ഫണ്ട് എസ്‌സിപി) |
| പദ്ധതി ചെലവ് | 799993 (വികസന ഫണ്ട് എസ്‌സിപി) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

മേൽ പ്രോജക്റ്റിന്റെ ഭാഗമായി മരുന്ന് പർച്ചേസിനായി ചുവടെ ചേർക്കും പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ആകെ 799993 രൂപ അനുവദിച്ചതിൽ 756426 രൂപയുടെ മരുന്ന് മാത്രമാണ് പല തവണകളായി ലഭിച്ചിട്ടുള്ളത്.

| ക്രമ നം. | പ്രൊഫോർമ ഇൻവോ യിസ് നം./ തീയതി | അനുവദിച്ച തുക | ട്രഷറി ബിൽ നം./തീയതി |
|---|---|---|---|
| 1 | PRF545705.02.22 | 516388 | 48/07.02.22 |
| 2 | PRF5577/09.02.22 | 206423 | 49/15.02.22 |
| 3 | PRF7112/19.03.22 | 77182 | 74/20.03.22 |
| | ആകെ | 799993 | 17/20.12.21 |

43567 രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുള്ളതായി കാണുന്നു. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/12.12.22 ന് അവശേഷിക്കുന്ന മരുന്ന് ഈ മാസം തന്നെ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അറിയിപ്പ് നൽകിയിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. എത്രയും വേഗം മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 പാലിയേറ്റീവ് പരിചരണം പ്രോജക്ട് - 48950 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് പരിചരണം |
| പദ്ധതി നമ്പർ | 24/22 |
| പദ്ധതി അടങ്കൽ | 1000000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 1000000 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സുലേഖ ചെലവ് പത്രിക, ബിൽ ബുക്ക് എന്നിവ പ്രകാരം ആകെ ചെലവ് തുക 1000000 രൂപയാണ്. എന്നാൽ 951050 രൂപയുടെ ട്രഷറി ബില്ലുകളും അനുബന്ധ രേഖകളും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 48950 രൂപയുടെ ചെലവുമായി ബന്ധപ്പെട്ട 71/23.03.22 നം. ട്രഷറി ബില്ലും രേഖകളും ലഭ്യമാക്കിയിട്ടില്ല.

2. പ്രോജക്ടിന്റെ ഭാഗമായി Apple Leaf Computers എന്ന സ്ഥാപനത്തിൽ നിന്നും പർച്ചേസ് ചെയ്ത ചുവടെ പറയുന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

| ക്രമ നം. | ഇനം | തുക | ട്രഷറി ബിൽ നം./തീയതി |
|---|---|---|---|
| 1 | Mother Board - 1 | 7150 | 8/02.08.21 |
| 2 | SMPS Frontech - 1 | 850 | |
| 3 | USB Mouse - 1 | 200 | |
| 4 | UPS - 1 | 2700 | 41/25.01.22 |

3. പാലിയേറ്റീവ് കെയർ ആംബുലൻസിന്റെ സർവ്വീസ് നടത്തിയതിന് ചെലവായ 1030 രൂപ അനുവദിക്കണമെന്നുള്ള ഡ്രൈവറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ട്രഷറി ബിൽ പ്രകാരം പ്രസ്തുത തുക HMC യ്ക്കാണ് നൽകിയിട്ടുള്ളത്. ആയതിനുള്ള കാരണം വ്യക്തമല്ല.

4. ലഭ്യമാക്കിയ പാലിയേറ്റീവ് ഹോം കെയർ രജിസ്റ്റർ യഥാസമയം മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

5. താലൂക്ക് ആശുപതിയുടെ KL 16 N 6376 നം. പാലിയേറ്റീവ് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ, ചട്ടം-1 ഖണ്ഡിക-3

പ്രകാരം നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

- ലോഗ് ബുക്ക് എൻട്രികളുടെ കാർബൺ പകർപ്പുകളുടെ ഫയൽ (ഓരോ വാഹനത്തിനും ഓരോ മാസവും പ്രത്യേകം ഫയലുകൾ).
- അറ്റകുറ്റപ്പണികൾ, മാറ്റി സ്ഥാപിക്കൽ വാങ്ങിയ സ്പെയർ പാർട്സുകൾ മുതലായവയുടെ വിവരം ചെലവ്, തിയതി എന്നിവ സഹിതം രേഖപ്പെടുത്തിയ റെക്കോർഡ്. പെട്രോളിന്റെ വില മുതലായവയും ഉപയോഗവും അനാമത്ത് വരവ്-ചെലവുകളും രേഖപ്പെടുത്തിയ രജിസ്റ്റർ.
- വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ.
- വാഹനത്തിന്റെ മെയിന്റനൻസ് രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/14.12.22 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 3 മുതൽ 5 വരെയുള്ളവയുടെ മറുപടി മാത്രമാണ് ഉള്ളത്. ആയത് ചുവടെ ചേർക്കുന്നു.

3. ചെലവ് തുക HMC ഫണ്ടിൽ നിന്നാണ് നടത്തിയിട്ടുള്ളതെന്നും ആയതിനാലാണ് തുക HMC യ്ക്ക് അനുവദിച്ചിട്ടുള്ളതെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ഡ്രൈവറുടെ അപേക്ഷയിൽ തുക HMC യ്ക്ക് അനുവദിക്കണമെന്ന് പറയുന്നില്ല. പകരം ചെലവായ തുക അനുവദിക്കണമെന്ന് മാത്രമാണ് ഉള്ളത്.

4. അപാകത ആവർത്തിക്കാതിരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

5. സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ററുകൾ ഇനി മുതൽ പരിപാലിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിട്ടുള്ളതായി അറിയിച്ചിരിക്കുന്നു.

പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ 48950 രൂപയുടെ ട്രഷറി ബില്ലും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പ്രസ്തുത തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-13 മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ - പ്രോജക്റ്റ് ഫയലുകളുടെ പരിശോധന

1. കോവിഡ് പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ചിറയിൻകീഴ് താലൂക്ക് ആശുപത്രി |
| പദ്ധതി നമ്പർ | 76/22 |
| പദ്ധതി അടങ്കൽ | 3000000 |
| പദ്ധതി ചെലവ് | 3000000 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

എ) മേൽ പ്രോജക്ടിന്റെ ആവശ്യത്തിനായി Savadika Retail Private Limited എന്ന സ്ഥാപനത്തിൽ നിന്നും 27.04.21 ലെ ക്യാഷ് ഇൻവോയിസ് പ്രകാരം 9800 രൂപയ്ക്ക് ഒരു സ്മാർട്ട് മൊബൈൽ ഫോൺ വാങ്ങിയിട്ടുള്ളതായി കാണുന്നു. എന്നാൽ അത് സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രസ്തുത ഫോണിന്റെ നിലവിലെ ഉപയോഗം സംബന്ധിച്ച് വ്യക്തതയില്ല.

ബി) 2500 രൂപ വീതം 2 തവണയായി ആകെ 5000 രൂപയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതായി ബിൽ അബ്സ്ട്രാക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Apple Leaf Computers എന്ന സ്ഥാപനത്തിൽ നിന്നും 67/25.06.21 നം. ക്യാഷ് ഇൻവോയിസ് പ്രകാരം 2500 രൂപയ്ക്ക് ഒരു യുപിഎസ് വാങ്ങിയതിന്റെ ബിൽ മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ അവ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 22/14.12.22 ന് മറുപടി ലഭ്യമാക്കിയതിൽ ക്രമ നം. എ യുടെ മറുപടി മാത്രമാണ് ഉള്ളത്. അതുപ്രകാരം സ്മാർട്ട് മൊബൈൽ ഫോൺ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നിലവിൽ പ്രസ്തുത ഫോൺ ഹോസ്പിറ്റൽ പിആർഒ യ്ക്കാണ് കൈമാറിയിട്ടുള്ളത് എന്ന കാണുന്നു. അപ്രകാരം ഫോൺ കൈമാറി നൽകിയതിനുള്ള അനുമതി/ഉത്തരവ് ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2500 രൂപയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിന്റെ ബില്ലും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. ആരോഗ്യഭവനം പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | ആരോഗ്യഭവനം- ജീവിതശൈലീ രോഗനിയന്ത്രണ പരിപാടി |
| പദ്ധതി നമ്പർ | 28/22 |
| പദ്ധതി അടങ്കൽ | 259735 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 259566 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |

എ) മേൽ പ്രോജക്റ്റിന്റെ ഭാഗമായി ക്വട്ടേഷൻ മുഖേന അനിൽ പ്രിന്റേഴ്സിൽ നിന്നും ക്യാഷ് ഇൻവോയിസ് നം. 328/24.02.2022 പ്രകാരം പർച്ചേസ് ചെയ്ത Awareness Notice – 6000 എണ്ണം (വില 5000 രൂപ) സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. (ബന്ധപ്പെട്ട ട്രഷറി ബിൽ നം.61/08.03.22, തുക – 51500 രൂപ ബി) കൂടാതെ പ്രോജക്റ്റിന്റെ ഭാഗമായി മുൻ കാലങ്ങളായി ഡേറ്റാ എൻട്രി ഓപ്പറേറ്ററായി വർക്ക് ചെയ്യുന്ന ശ്രീമതി സരിത.എസ് ന് 2021-22 വർഷത്തിൽ ആകെ 100000 രൂപ വേതനം നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ സേവന കാലാവധി തൻവർഷം നീട്ടി നൽകിക്കൊണ്ടുള്ള ഉത്തരവ്, പുതുക്കിയ കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പ്രോജക്റ്റിന്റെ വിവിധ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/13.12.22 ന് മറുപടി ലഭ്യമാക്കിയെങ്കിലും മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

## 1-14 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0054/2021-22 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീരവികസന ഓഫീസിന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ |
| അടങ്കൽ | 90,000/-(മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്) |
| ചെലവ് | 90,000/- |
| ബിൽ നം./തുക | ബിപി 1/21-22/6.12.21 Rs.73327<br>ബിപി 21/21-22/23.03.22 Rs.16673 |
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

(1) ക്ഷീരവികസന ഓഫീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി Computer, Printer, UPS, Battery എന്നിവ റേറ്റ് കോൺട്രാക്റ്റ് ഉള്ള സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ/ടെണ്ടർ -പത്രപരസ്യം നൽകി വാങ്ങാനാണ് പ്രോജക്റ്റിൽ നിർദ്ദേശിച്ചിട്ടുള്ളത്. അതനുസരിച്ച് UPS, DESKTOP, PRINTER എന്നിവ കെൽട്രോണിൽ നിന്നും വാങ്ങുന്നതിനായി PROFORMA INVOICE പ്രകാരമുള്ള തുകയായ 73327/- രൂപ (23,305 + 30,004 +20,018 ) മേൽ ബില്ല് പ്രകാരം കൈമാറിയിട്ടുണ്ട്. കെൽട്രോൺ ACER India മുഖേനയാണ് കമ്പ്യൂട്ടറുകളും അനുബന്ധ വസ്തുക്കളും വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ ACER INDIA (PRIVATE) Ltd ന്റെ TAX INVOICE പ്രകാരമുള്ള തുക (DESKTOP) 28,849.82/- രൂപയും ഇതേ ഇനത്തിന് കെൽട്രോണിന് നൽകിയിട്ടുള്ള തുക 30,004/- രൂപയുമാണ്. ഇപ്രകാരം അധികം നല്കിയ 1155/- രൂപ തിരികെ ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (36/15.12.22) മറുപടി ലഭിച്ചിട്ടില്ല.

(2) കെൽട്രോണിൽ നിന്നും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

(3) പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ച് ജയ ഏജൻസിയിൽ നിന്നും 16673 രൂപയ്ക്ക് Office Table, Revolving Computer Chairഎന്നിവ വാങ്ങിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (25/14.12.22) മറുപടിയും, സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 ക്ഷീരസമൃദ്ധി -പാലിന് സബ്സിഡി -വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | S0040/2021-22 | S0041/2021-22 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി(ജനറൽ) | ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി (വനിത) |
| അടങ്കൽ | 7,20,000/-(വികസന ഫണ്ട്- ജനറൽ) | 8,00,000/-(വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 7,20,000/- | 8,00,000/- |
| ബിൽ നം./തുക | 114/3.11.21 Rs.217953<br>132/17.11.21 Rs.204969<br>147/26.11.21 Rs.27078<br>178/5.1.22 Rs.69291<br>179/5.1.22 Rs.15184<br>180/5.1.22 Rs.185007<br>250/4.2.22 Rs.518 | 133/17.11.21 Rs.86871<br>146/26.11.21 Rs.200000<br>148/26.11.21 Rs.195191<br>151/6.12.21 Rs.2370<br>152/6.12.21 Rs.75329<br>154/10.12.21 Rs.20634<br>155/10.12.21 Rs.120435<br>181/5.1.22 Rs.41174<br>182/5.1.22 Rs.57996 |
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ ബ്ലോക്ക് വിഹിതം നൽകുന്നതിനായി പഞ്ചായത്തുകൾക്ക് തുക നൽകുന്നതിനാണ് മേൽ പ്രോജക്റ്റുകളിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ തുകകൾ ഏത് പഞ്ചായത്തുകൾക്കാണ് നല്കിയതെന്ന് വ്യക്തമല്ല. കൂടാതെ തുകകൾ അനുവദിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച ഉത്തരവ് ഫയലിൽ ഇല്ല. തുകകൾ വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രങ്ങളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രോജക്റ്റ് നമ്പർ S0040/2021-22 പ്രകാരം ചെലവഴിച്ച 7,20,000/-രൂപയും പ്രോജക്റ്റ് നമ്പർ S0041/2021-22 പ്രകാരം ചെലവഴിച്ച 8,00,000/-രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 ബാക്ക് എൻഡ് സബ്സിഡിയായി അനുവദിക്കേണ്ട തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകി

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | S0095/2021-22 | S0094/2021-22 |
| പ്രോജക്റ്റിന്റെ പേര് | സുഭിക്ഷകേരളം -പശുവളർത്തൽ(SCP) | സുഭിക്ഷകേരളം -പശുവളർത്തൽ (ജനറൽ) |
| അടങ്കൽ | 5,10,000/-<br>(വികസന ഫണ്ട് - SCP-360000<br>മറ്റുള്ളവ - 150000) | 13,20,000 /-<br>(വികസന ഫണ്ട് - ജനറൽ- 6,00,000<br>മറ്റുള്ളവ – 7,20,000) |
| ചെലവ് | 3,60,000/- | 4,20,000/- |
| ബിൽ നം./തുക | 183/5.1.22 Rs.90000<br>348/14.3.22 Rs.90000<br>363/18.3.22 Rs.90000<br>411/30.3.22 Rs.90000 | 156/10.12.21 Rs.60000<br>312/26.2.22 Rs.60000<br>347/14.3.22 Rs.60000<br>362/18.3.22 Rs.60000<br>387/23.3.22 Rs.120000<br>410/30.3.22 Rs.60000 |
| ഗുണഭോക്താക്കളുടെ എണ്ണം | 4 | 7 |

2021-22 വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പശുവളർത്തൽ SCP, പശുവളർത്തൽ ജനറൽ എന്നീ പദ്ധതികളുടെ വിശദാംശങ്ങളും പദ്ധതി

നടത്തിപ്പിലെ അപാകതകളും ചുവടെ ചേർക്കുന്നു.

1. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ബാങ്ക് ലോൺ ലഭ്യമാകുന്ന മുറയ്ക്ക് സബ്സിഡി തുക ബാങ്കിലേയ്ക്ക് മാറി നൽകാനും പശുവിന്റെ വില വിൽപ്പനക്കാരന്റെ അക്കൌണ്ടിലേയ്ക്ക് ബാങ്കിൽ നിന്നും നേരിട്ട് നൽകുന്നതിനുമാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് മാറി നൽകിയിട്ടുണ്ട്.

2.സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.22/2018/തസ്വഭവ, തീയതി .14.02.2018) പ്രകാരം വായ്പാ ബന്ധിത പദ്ധതികളിൽ സബ്സിഡി തുക ബാങ്കിലേയ്ക്ക് ബാക്ക് - എൻഡഡ് സബ്സിഡി ആയി നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതികളിൽ ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ച്, ലോൺ അടച്ചു തീർന്നതിനുശേഷം ലോൺ അക്കൗണ്ടിൽ വരവ് വെക്കേണ്ട സബ്സിഡി തുക ലോൺ അടച്ചു തുടങ്ങുന്നതിനു മുമ്പെ തന്നെ ഗുണഭോക്താക്കൾക്ക് നേരിട്ട് അനുവദിച്ചു നൽകുകയാണുണ്ടായത്.

3.വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും, ഗുണഭോക്താക്കളിൽ നിന്ന് അഞ്ച് പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ/പക്ഷികളെ വാങ്ങേണ്ടതെന്നും പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സമിതിയ്ക്ക് നേരിട്ടു വാങ്ങാമെന്നും പ്രായം, ഗുണനിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണമെന്നും സ.ഉ.(കൈ.)നം.22/2018/തസ്വഭവ തീയതി:14.02.2018 പ്രകാര മുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ ഒരു കമ്മിറ്റി 23.3.21-ൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങൽ നടപടിക്രമങ്ങളിൽ കമ്മിറ്റി ഇടപെടൽ ഉണ്ടായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4.ക്ഷീരവികസന ഓഫീസർ ഫീൽഡ് പരിശോധന നടത്തിയതിന്റെ രേഖകളും ,പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഗുണഭോക്താക്കൾക്ക് അനുവദിച്ചുകൊണ്ടുള്ള സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (26/14.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ ആസൂത്രണമില്ലാതെ പദ്ധതി നടപ്പാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 1-17 പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പഠനമുറി നിർമ്മാണം പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0019/2021-22 |
| പ്രോജക്ടിന്റെ പേര് | പഠനമുറി(SCP) |
| അടങ്കൽ | 50,00,000/-(വികസന ഫണ്ട്- SCP) |
| ചെലവ് | 32,70,000/- |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

1. എസ്.സി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 200000/- രൂപ സബ്സിഡി നൽകുന്നതാണ് മേൽ പദ്ധതി. പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|---|
| 1 | 19/22 | പ്രദീപ്,ഇളമ്പ | 50000 |
| | | | 75000 |
| 2 | 19/22 | സിന്ധു.കെ, ചിറയിൻകീഴ് | 50000 |
| | | | 75000 |
| 3 | 19/22 | ലത.ഒ,കിഴുവിലം | 50000 |
| | | | 75000 |
| 4 | 19/22 | സന്ധ്യ.എസ്,കിഴുവിലം | 50000 |
| | | | 75000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(13/12.12.22) സിന്ധു.കെ, ചിറയിൻകീഴ് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും മറ്റുള്ളവർക്ക് നിർമ്മാണം പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചു. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

2. സബ്സിഡി മാർഗ്ഗ രേഖ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭവ 14.02.2018) പ്രകാരവും സ.ഉ. (സാധാ) നം. 2636/2018 ത.സ്വ.ഭവ തീയതി 15-10-2018 പ്രകാരവും നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ (11.15m2) അധികരിക്കാതെ പഠനമുറി നിർമ്മിക്കാവുന്നതാണെന്ന വ്യവസ്ഥ നിലനിൽക്കെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ പഠനമുറി പ്രസ്തുത നിർദ്ദേശം ലംഘിച്ച് പൂർത്തിയാക്കിയതായി കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | പഠനമുറിയുടെ വിസ്തീർണ്ണം | വാല്യുവേഷൻ തുക | നൽകിയ ധനസഹായം |
|---|---|---|---|
| ചന്ദ്രൻ.ജി,വക്കം | 150 Sqft | 212000 | 200000 |
| സിന്ധു, അയിലം | 134.55sqft (12.5 Sqm) | 2,10,000 | 200000 |
| ലതിക.എൽ | 161.46sqft (15 Sqm) | 200000 | 200000 |
| സന്ധ്യ.എസ് | 154.45sqft | 1,25,000 | 1,25,000 |
| മിനി, മഞ്ചാടിമൂട് | 146.39sqft (13.6 Sqm) | 202000 | 200000 |
| ലീലാമണി.പി,ചിറയിൻകീഴ് | 146.39sqft (13.6 Sqm) | 200000 | 200000 |
| സജീവ്.ജി,ആറ്റിങ്ങൽ | 161.89sqft (15.04sqm) | 200000 | 200000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/12.12.22) 120 ചതുരശ്ര അടിയിൽ നിജപ്പെടുത്തി പഠനമുറി നിർമ്മാണം നടത്തുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകുന്നതാണെന്ന മറുപടി നൽകി. നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഒന്നാം ഗഡു കൈപ്പറ്റിയിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല -തുക ഈടാക്കണം

| | |
|---|---|
| പ്രോജക്ട് നമ്പർ | 92/21-22 (SO) |
| പ്രോജക്ടിന്റെ പേര് | പഠനമുറി (എസ് സി പി) |
| അടങ്കൽ | 2443212 ( വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് | 1759500 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

മേൽ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താവ് ചമച്ച കരാർ പത്രിക (തീയതി 18.02.2021) ഖണ്ഡിക 5 പ്രകാരം, പഠനമുറിയുടെ നിർമ്മാണം കരാർ തീയതി മുതൽ രണ്ട് മാസത്തിനകം പൂർത്തിയാക്കുന്നതാണെന്ന സമ്മതിച്ചിട്ടുണ്ട്. എന്നാൽ ശോഭ പി (അഭിരാമി എസ് എസ് ) ഇടയ്ക്കോട് കാട്ടുവിളവീട്, പെരുംകുളം എന്ന ഗുണഭോക്താവ് 12.02.2021ൽ ഒന്നാം ഗഡു 50000/- രൂപ പഠനമുറിയുടെ നിർമ്മാണത്തിനായി കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ടിയാൾക്ക് നൽകിയ ധനസഹായതുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/13.12.22) ലഭ്യമാക്കിയ മറുപടിയിൽ 8.12.22 ന് നടന്ന ബ്ലോക്ക് കമ്മിറ്റിയിൽ ടിയാളിൽ നിന്നും തുക ഈടാക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട് .തുക ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി, രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല

കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. കൂടാതെ ജി.ഒ(പി)നം. 177/2006/ഫിൻ, തീയതി 12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തുന്നതിനായി TR-7A ക്യാഷ് ബുക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ്-ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ നിർദ്ദിഷ്ട മാതൃകയിലുള്ള TR-7A ക്യാഷ് ബുക്കിൽ വരവ് ചെലവ് വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. പകരം വരവ് ചെലവ് വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ക്യാഷ്ബുക്കായി ഉപയോഗിച്ചിരിക്കുന്നു. ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം നിർവ്വഹണ

ഉദ്യോഗസ്ഥർ TR-7A ക്യാഷ് ബുക്ക് പരിപാലിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/13.12.22, 16/13.12.22 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവു പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവു ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവു ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതും ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും മാസാന്ത്യ സംക്ഷിപ്തം എഴുതി, കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്.

## 1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യല്ല

ചിറയിൻകീഴ് ബ്ളോക്ക്പഞ്ചായത്തിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തുകൾക്കും, നിർവ്വഹണ ഏജൻസികൾക്കും ബ്ലോക്ക് വിഹിതമായി തുക നൽകിയിട്ടുണ്ട്. ടി പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി.

| ക്രമ നം. | നിർവ്വഹണഏജൻസി | പ്രോജക്റ്റ് നം. | പദ്ധതിയുടെ പേര് | ബിൽ നം. തീ | തുക (രൂ) |
|---|---|---|---|---|---|
| 1 | സാക്ഷരതാമിഷൻ | 79/22 | തുല്യതാപഠനം | 49/17-9-21 | 55450 |
| 2 | സാക്ഷരതാമിഷൻ | 79/22 | തുല്യതാപഠനം | 49/17-9-21 | 93200 |
| 3 | സാക്ഷരതാമിഷൻ | 11/22 | തുല്യതാപഠനം | 51/5-2-22 | 142000 |
| 4. | ജില്ലാ ആസൂത്രണ സമിതി | 14/22 | ജില്ലാ ആസൂത്രണ സമിതി, സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണം | 15/2-7-22 | 200000 |
| 5 | അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് | 127/22 | ഗാർഹികബയോകമ്പോസ്റ്റ് | 56/30-3-22 | 24120 |
| 6 | അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് | 144/22 | അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതിക്ക് – ബ്ളോക്ക് വിഹിതം | 1242487 | 60/22-2-22 |
| 7 | MNREG അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് | 148/22 | പുത്തൻ നട പ്രദേശത്തെ ഐ.സി.ഡി.എസ് മായി കൺവേർജൻസ് ചെയ്ത് അംഗൻവാടി 10 നിർമ്മാണം | 100000 | 69/21-3-22** |

**47805 രൂപയുടെവിനിയോഗ സാക്ഷ്യപത്രം കിട്ടിയിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം.8 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ടി പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 എയ്റോബിക് ബിൻ കംപോസ്റ്റ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കേണ്ടതാണ്

2018-19 വാർഷിക പദ്ധതി പ്രകാരം ബ്ളോക്ക്പഞ്ചായത്തു വളപ്പിൽ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ നിർവ്വഹണ എജൻസിയായി തുമ്പൂർമുഴി മോഡൽ എയ്റോബിക് ബിൻ കംപോസ്റ്റ് യൂണിറ്റ് (2 ബിന്നുകൾ)സ്ഥാപിച്ചിരുന്നു. രണ്ടു ബിന്നുകളും നാളിതുവരെ പ്രവർത്തനക്ഷമമല്ല. ഇതു സംബന്ധിച്ച് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക പ്രകാരം വിശദമായി പരാമർശിച്ചിരുന്നുവെങ്കിലും ആയതിന്മേൽ തുടർനടപടി ഒന്നും സ്വീകരിച്ചിട്ടില്ല.ആയതിന്റെ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം34) ന് മറുപടി ലഭ്യമായില്ല. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി ആശയ വിനിമയം നടത്തി, ബിന്നുകൾ

സ്ഥാപിച്ചിടങ്ങളിലെല്ലാം അവയെ പ്രവർത്തന സജ്ജമാക്കേണ്ടതാണ്. .

## 1-22 ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ബ്ലോക്ക് ഓഫീസ് കെട്ടിടത്തിന്റെ പിൻഭാഗത്തുള്ള ഉപേക്ഷിക്കപ്പെട്ട പഴയ കെട്ടിടത്തിന്റെ വരാന്തയിലും ഉള്ളിലുമായി കൂട്ടിയിട്ടിരിക്കുന്ന ഫർണിച്ചർ (തടി ഉരുപ്പടികൾ ഉൾപ്പെടെ), അലമാരകൾ, ഫാൻ, മറ്റ് ഉപയോഗ ശൂന്യമായ വസ്തുക്കൾ എന്നിവ ലേലം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34) മറുപടി ലഭ്യമാക്കിയതിൽ ടി വസ്തുക്കൾ ലേലം ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സർക്കുലർ നം.ബി/85/2020/SPD തീയതി.6/7/21 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് ടി കെട്ടിടവും, ഉപയോഗശൂന്യമായ മറ്റു വസ്തുക്കളും ലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ഇലക്ട്രിക്ക് വർക്കുകൾ ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകേണ്ടതാണ്.

PWD Mannual 2012 ലെ സെക്ഷൻ 2306.1 പ്രകാരം ഗവ.കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകണമെന്ന നിഷ്കർഷിക്കുന്നു.2021-22വർഷം ചിറയിൻകീഴ്

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തികളുടെ 'ഒറിജിനൽ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് Lumpsum ആയി തുക ഉൾക്കൊള്ളിക്കുകയും, ടെണ്ടർ കിട്ടിയ കരാറുകാരൻ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് ടി തുക തന്നെ ക്വാട്ട് ചെയ്ത ശേഷം, പിന്നീട് പുതുക്കിയ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി നിർവ്വഹിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

| ക്രമ നം. | പ്രോജക്ട് നം, പേര് | എസ്റ്റിമേറ്റ് പ്രകാരം ഇലക്ട്രിക്കൽ ലംപ്സം തുക (രൂപ) |
|---|---|---|
| 1 | 90/22 അംഗൻവാടി നം.47(അഞ്ചുതെങ്ങ് ) നിർമ്മാണം. | 61250 |
| 2 | 83/22 ബ്ളോക്ക് ഓഫീസ് കോമ്പൗണ്ടിലെ വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ | 147814 |
| 3. | 88/22,ആര്യവിലാസം LPS സ്മാർട്ട് ക്ലാസ്റൂം നിർമ്മാണം | 99237 |
| 4 | 89/22 ,ന്യൂ LPS റൈറ്റുവിള സ്മാർട്ട് ക്ലാസ്റൂം നിർമ്മാണം | 98242 |

ടി നാലു പ്രവൃത്തികളും നടത്തിയ കരാറുകാർക്ക് ഇലക്ട്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ലൈസൻസ് ഇല്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 19 ന് മറുപടി ലഭ്യമായില്ല.

PWD Mannual 2012 ലെ സെക്ഷൻ 2306.1 പ്രകാരം അനുശാസിക്കുന്ന രീതിയിൽ ഭാവിയിൽ ഇലക്ട്രിക്ക് വർക്കുകൾ ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 എഞ്ചിനീയർമാർക്ക് പ്രതിഫലം നല്കിയതിന്റെ വിശദാംശം ലഭ്യമല്ല.

ചിറയിൻകീഴ് ബ്ളോക്ക് പഞ്ചായത്ത് 2021-22 വർഷം നടപ്പിലാക്കിയ -

പ്രോജക്ട് നം.61- അംഗൻവാടിനം.47-അഞ്ചുതെങ്ങ് നിർമ്മാണം, പ്രോജക്ട് നം-44 ബ്ളോക്ക് ഓഫീസ് കോമ്പൌണ്ടിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി. പ്രോജക്ട് നം .88-ആര്യവിലാസം LPS സ്മാർട്ട് ക്ലാസ്റൂം നിർമ്മാണം, പ്രോജക്ട് നം.57-ന്യൂ LPS റൈറ്റുവിള സ്മാർട്ട് ക്ലാസ്റൂം എന്നീ നാലു പ്രവൃത്തികളിൽ „ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്.

ശ്രീ.മോനുജയകുമാർ, ശ്രീ.M.S.രഘുനാഥൻ എന്നീ രണ്ടു എഞ്ചിനീയർമാരാണ് ടി പ്രവൃത്തികളുടെ മേൽനോട്ടം, ചെക്ക്മെഷർമെന്റ് എന്നിവ നടത്തിയിട്ടുള്ളത്.സർക്കാർ ഉത്തരവ് നം.സ.ഉ.(അർ.ടി.) നം2878/2015/തസ്വഭവ പ്രകാരം, ടി എഞ്ചിനീയർമാർക്ക് പ്രതിഫലം നല്കിയതിന്റെ വിശദാംശം, ടി പ്രവൃത്തികളുടെ TR-59(E)പ്രകാരമുള്ള ബില്ലുകളിലോ ക്യാഷ് ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. ടി വ്യക്തികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുണ്ടെങ്കിലും, പ്രതിഫലം നല്കിയത് കരാറുകാരൻ മുഖേനയാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19) മറുപടി ലഭ്യമായില്ല. ടി വ്യക്തികൾക്ക് പ്രതിഫലം നൽകിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-25 ആസ്തി രജിസ്റ്റർ കാലികമല്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ)സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം. 35/22- ൽ ഉൾപ്പെടുത്തി ലൈഫ് ഭവന സമുച്ചയ നിർമ്മാണത്തിനായി, 93.799 സെന്റ് ഭൂമി വാങ്ങിയിട്ടുണ്ട്.ടി ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി)അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം. 82ൽ ഉൾപ്പെടുത്തി, അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തിൽ അംഗനവാടി നം.47 ന് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.ടി കെട്ടിട നിർമ്മാണത്തിനുള്ള നാലു സെന്റ് ഭൂമി,26-3-2018 ൽ അന്നത്തെ സെക്രട്ടറി ശ്രീ.വിഷ്ണുമോഹൻദേവിന്റെ പേരിൽ വാങ്ങിയിട്ടുള്ളതാണ് എന്ന് പദ്ധതി ഫയലിനോടൊപ്പമുള്ള പ്രമാണത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ ടി ഭൂമി നാളിതു വരെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

പരിശോധനയ്ക്കായി ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ കെട്ടിടങ്ങളുടെ വിവരം മാത്രം ഉൾപ്പെടുത്തിയതാണ് (ഫോം 2). ആകെയുള്ള 28 കോളങ്ങളിൽ ഭൂരിഭാഗവും രേഖപ്പെടുത്തിയിട്ടില്ല. പരമാവധി 11 കോളങ്ങളിലാണ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. Depreciation മുതലായവ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 17 ന് മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25-1 ഇഞ്ചിനീയറിംഗ് വിഭാഗം- രജിസ്റ്ററുകൾ പൂർണ്ണവും കാലികവുമല്ല

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ ഇ7/11350/2015/CE/LSGD/9-1-17 നം സർക്കുലർ പ്രകാരം ഇഞ്ചിനീയറിംഗ് വിഭാഗം ആകെ 15 രജിസ്റ്ററുകൾ പരിപാലിക്കേണ്ടതാണ്. എന്നാൽ ചിറയിൻകീഴ് ബ്ളോക്ക് പഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ക്യാഷ് ബുക്ക് 7/3/22 വരെ മാത്രമേ എഴുതിയിട്ടുള്ളൂ. അസറ്റ് രജിസ്റ്റർ പൂർണ്ണവും കാലികവുമല്ല. പ്രോജക്ട് രജിസ്റ്റർ പരിപാലിക്കുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല.

## 1-26 പത്രപ്പരസ്യം-സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകളും ഡിസ്കൗണ്ടും കണക്കാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 1 |
| പ്രോജക്ടിന്റെ പേര് | പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 100000 രൂപ<br>(വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 99950 രൂപ. |

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യനിരക്ക് ജി.ഒ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഒ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 , ജി.ഒ (പി) നം.1/2019/I&PRD തീയതി 07.01.2019, ജി.ഒ (പി) നം.2/2020/I&PRD തീ.10.12.2020 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പരസ്യങ്ങൾ പി.ആന്റ് എ ആർ ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിച്ച് നൽകണമെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.കേരളകൌമുദി ദിനപ്പത്രത്തിന് ടി ഉത്തരവു പ്രകാരമുള്ള പരസ്യ നിരക്ക് 158രൂപ/sq.cm ഉം ദേശാഭിമാനി ദിനപ്പത്രത്തിന് 57/sq.cm ഉം ആണ്.എന്നാൽ 2021-22 വർഷങ്ങളിലെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് മേൽ പ്രോജക്ടുകൾ പ്രകാരം കേരള കൗമുദി ദിനപ്പത്രത്തിൽ പത്രപ്പരസ്യം നൽകിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകളും ഡിസ്കൗണ്ട് കണക്കാക്കിയിട്ടില്ല. ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമം നം. | പത്രം,പരസ്യതീയതി | .കോളം വലിപ്പം(sq.cm) | ബിൽ തുക(രൂ) | .കോളം നിരക്ക്/sq.cm |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ദേശാഭിമാനി 11-9-21 | 64 | 12800 | 200 |
| 2 | ദേശാഭിമാനി 23-9-21 | 32 | 6400 | 200 |
| 3. | ദേശാഭിമാനി 19-10-21 | 64 | 12800 | 200 |
| 4 | ദേശാഭിമാനി-13-12-21 | 64 | 12800 | 200 |
| 5 | ദേശാഭിമാനി-10-11-21 | 38 | 9600 | 200 |
| 6 | കേരള കൗമുദി-19-9-21 | 24 | 8064 | 320 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയിയ മറുപടിയിൽ (നം.6) കേരളകൗമുദി, ദേശാഭിമാനി പത്രങ്ങൾ ഈടാക്കുന്ന വാണിജ്യ പരസ്യ നിരക്കിലാണ് തുക നല്കിയത് എന്നും, ഭാവിയിൽ മേല്പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണ് എന്നും അറിയിച്ചു. അധിക നിരക്കിലുള്ള പരസ്യ താരിഫ്, കുറഞ്ഞ നിരക്കിലുള്ള ഡിസ്കൗണ്ട് എന്നിവ മൂലം അധികം നൽകിയ തുക ഭാവിയിലെ ബില്ലുകളിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-27 തെറാപ്പിസ്റ്റിന് ഒരു ദിവസത്തെ വേതനം 1000 രൂപ അധികം നൽകിയിരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | സ്പീച്ച് ബിഹേവിയർ ഒക്യുപേഷണൽ തെറാപ്പി |
| പദ്ധതി നമ്പർ | 50/22 |
| പദ്ധതി അടങ്കൽ | 120000 (വികസന ഫണ്ട് പൊതു വിഭാഗം) |
| പദ്ധതി ചെലവ് | 105000 (വികസന ഫണ്ട് പൊതു വിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥ | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ |

ബ്ലോക്ക് പരിധിയിൽ വരുന്ന 6 ഗ്രാമപഞ്ചായത്തുകളിലെ ആവശ്യമായ കുട്ടികൾക്ക് സ്പീച്ച് ബിഹേവിയർ ഒക്യുപേഷണൽ തെറാപ്പി നൽകുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. അതിനായി 2 തെറാപ്പിസ്റ്റുകളെയാണ് 11/21 മുതൽ നിയമിച്ചിട്ടുള്ളത്. അവർക്ക് വേതനം നൽകുന്നത് മാത്രമാണ് പ്രോജക്ടിന്റെ ചെലവ്. തെറാപ്പിസ്റ്റായ ശ്രീമതി ഫാത്തിമ അൻസാരിയ്ക്ക് 02/22 ൽ 19 ദിവസം ജോലി ചെയ്തതായി കണക്കാക്കി ദിവസം 1000 രൂപ ക്രമത്തിൽ 19000 രൂപ അനുവദിച്ചിരിക്കുന്നു (ട്രഷറി ബിൽ നം.22/10.03.22, ആകെ ബിൽ തുക - 38000). എന്നാൽ തെറാപ്പിയിൽ പങ്കെടുക്കുന്ന കുട്ടികളുടെ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 02/22 ൽ ആകെ 18 ദിവസമാണ് ശ്രീമതി ഫാത്തിമ കുട്ടികൾക്ക് തെറാപ്പി ചെയ്തിട്ടുള്ളത് എന്നു കാണുന്നു. ആയതിനാൽ അധികമായി 1000 രൂപ അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 16/13.12.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അധികമായി നൽകിയ തുക ബന്ധപ്പെട്ടയാളിൽ നിന്നും ഈടാക്കി ട്രഷറിയിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. തുക അടവാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-28 അധിക തുക നൽകി കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ പർച്ചേസ് ചെയ്തു

| | |
|---|---|
| പദ്ധതിയുടെ പേര് | ചിറയിൻകീഴ് അഡീഷണൽ ഐ.സി.ഡി.എസ് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ യു.പി.എസ്, പ്രിന്റർ, അലമാര, റാക്ക് എന്നിവ വാങ്ങൽ |
| പദ്ധതി നമ്പർ | 39/22 |
| പദ്ധതി അടങ്കൽ | 90,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 90,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം. | 80/14.10.2021 ₹ 26607<br>112/28.10.2021 ₹ 2890<br>104/26.10.2021 ₹ 16270<br>74/14.10.2021 ₹ 12953<br>78/14.10.2021 ₹ 31280 |
| നിർവഹണ ഉദ്യോഗസ്ഥ | ചൈൽഡ് ഡെലവപ്പമെന്റ് പ്രോജക്ട് ഓഫീസർ |

1. ടെണ്ടർ/ക്വട്ടേഷൻ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുന്നതിനാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിൽ മുഖേന ഒരു കമ്പ്യൂട്ടർ, ഒരു പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്. കെൽട്രോണിൽ നിന്നുള്ള 11.10.21 ലെ പ്രൊഫോർമ ഇൻവോയിസുകൾ പ്രകാരം കമ്പ്യൂട്ടറിന്റെ വില 31280 രൂപയും പ്രിന്ററിന്റെ വില 12953 രൂപയുമാണ്. അതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിരിക്കുന്നു. Acer India Pvt. Ltd എന്ന സ്ഥാപനത്തിൽ നിന്നുള്ള 22.02.22 ലെ ടാക്സ് ഇൻവോയിസ് ബിൽ പ്രകാരം കമ്പ്യൂട്ടറിന്റെ യഥാർത്ഥ

വില 30072 രൂപ മാത്രമാണ്. അതായത് 30072 രൂപയ്ക്ക് Acer India Pvt. Ltd എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ കമ്പ്യൂട്ടറാണ് 31280 രൂപയ്ക്ക് കെൽട്രോൺ മുഖേന പഞ്ചായത്ത് വാങ്ങിയിരിക്കുന്നത്. കൂടാതെ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള HP INDIA SALES PRIVATE LIMITED എന്ന സ്ഥാപനത്തിൽ നിന്നുള്ള 26.01.22 ലെ ടാക്സ് ഇൻവോയിസ് പ്രകാരം പ്രിന്ററിന്റെ യഥാർത്ഥ വില 12455 രൂപയാണ്. 498 രൂപ അധികം നൽകിയിരിക്കുന്നു. കൂടാതെ പർച്ചേസ് ചെയ്ത മേൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. മേൽ പ്രോജക്ടിന്റെ ഭാഗമായി പർച്ചേസ് ചെയ്ത ചുവടെ പറയുന്ന സാധനങ്ങളും സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഇനം | എണ്ണം | പർച്ചേസ് ചെയ്ത സ്ഥാപനം | ക്യാഷ് ഇൻവോയിസ് നം./തീയതി |
|---|---|---|---|---|
| 1 | അലമാര | 2 | ആർട്ട്കോ | 218/12.10.21 (ബിൽ തുക-26670) |
| 2 | റാക്ക് | 1 | | |
| 3 | മേശ | 2 | | 235/25.10.21 (ബിൽ തുക- 16270) |
| 4 | കമ്പ്യൂട്ടർ മേശ | 1 | | |
| 5 | പ്ലാസ്റ്റിക് കസേര | 1 | | |
| 6 | യുപിഎസ് | 1 | കെ.എസ്.ഐ.ൽ | TVMBC-109/25.10.21 (ബിൽ തുക- 2890) |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/14.12.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1706 രൂപ അധികമായി നൽകിയതിന് വ്യക്തത വരുത്തേണ്ടതാണ്.

## 1-29 കോവിഡ് പ്രതിരോധ പ്രവർത്തനം പ്രോജക്ട് - 39797 രൂപയുടെ കമ്പ്യൂട്ടർ നാളിതുവരെ ലഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | വക്കം സി.എച്ച്.സി അഞ്ചുതെങ്ങ് സി.എച്ച്.സി കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ |
| പദ്ധതി നമ്പർ | 77/22 |
| പദ്ധതി അടങ്കൽ | 1307000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 1306983 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ |

എ) സുലേഖ ചെലവ് പത്രിക പ്രകാരം പ്രോജക്ടിന്റെ ആകെ ചെലവ് തുക 1306983 രൂപയാണ്. എന്നാൽ 181597 രൂപയുടെ ട്രഷറി ബില്ലുകളും അനുബന്ധ രേഖകളും മാത്രമാണ് പൂർണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 1125386 രൂപയുടെ ട്രഷറി ബില്ലും രേഖകളും ലഭ്യമാക്കിയിട്ടില്ല. ഫയലിൽ കുറെ ബില്ലുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ട്രഷറി ബില്ലോ ചെലവ് രേഖകളുടെ അബ്സ്ട്രാക്റ്റോ ലഭ്യമാക്കാത്തതിനാൽ 1125386 രൂപയുടെ ചെലവ് രേഖകൾ എല്ലാം ലഭിച്ചിട്ടുണ്ടോയെന്നും ബില്ലുകളിൽ ഏതിനൊക്കെയാണ് യഥാർത്ഥത്തിൽ ചെലവ് നടത്തിയിട്ടുള്ളതെന്നും വ്യക്തമല്ല.

ബി) ലഭ്യമാക്കിയ 181597 രൂപയുടെ ചെലവിൽ ഉൾപ്പെട്ടിട്ടുള്ളതാണ് കെൽട്രോണിൽ നിന്നുള്ള കമ്പ്യൂട്ടർ പർച്ചേസ്. ആയതിനായി 11.03.22 ലെ പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിന് 39797 രൂപ അനുവദിച്ചിരിക്കുന്നു. എന്നാൽ കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. ആയതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/15.12.22 ന് മറുപടി ലഭ്യമാക്കിയില്ല. 1125386 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-30 സർക്കാർ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - പ്രോജക്ട് അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | സർക്കാർ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 18/22 |
| പദ്ധതി അടങ്കൽ | 394424 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 394424 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ |

മേൽ പ്രോജക്ടിന്റെ ഭാഗമായി ആകെ 394424 രൂപയ്ക്കാണ് മരുന്ന് പർച്ചേസ് നടത്തിയിട്ടുള്ളത്. എന്നാൽ ജില്ലാ

മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ചുവടെ പറയുന്ന ബില്ലുകൾ മുഖേന മരുന്ന് പർച്ചേസ് ചെയ്തതിൽ അപാകതകൾ കാണുന്നു.

| ക്രമ നം. | മരുന്ന് പർച്ചേസ് ചെയ്ത സ്ഥാപനം | തുക | ട്രഷറി ബിൽ നം./തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | IHDB, SAT | 100000 | 01/14.07.21 | ട്രഷറി ബിൽ പ്രകാരം തുക അനുവദിച്ചത് സിഎച്ച്സി, അഞ്ചുതെങ്ങിന്റെ പേരിലാണ്. കാരണം വ്യക്തമല്ല. |
| 2 | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ | 100000 | 02/14.07.21 | ട്രഷറി ബിൽ പ്രകാരം തുക അനുവദിച്ചത് സിഎച്ച്സി, അഞ്ചുതെങ്ങിന്റെ പേരിലാണ്. കാരണം വ്യക്തമല്ല. |
| 3 | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ | 44424 | 05/18.10.21 | ക്യാഷ് ഇൻവോയിസ് ഇല്ല. 07.10.21 ലെ പ്രൊഫോർമ ഇൻവോയിസ് മാത്രമാണ് ഉള്ളത്. അതിനാൽ മരുന്ന് യഥാർത്ഥത്തിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. |
| 4 | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ | 5000 | 13/27.12.21 | ക്യാഷ് ഇൻവോയിസ് ഇല്ല. 01.12.21 ലെ പ്രൊഫോർമ ഇൻവോയിസ് മാത്രമാണ് ഉള്ളത്. അതിനാൽ മരുന്ന് യഥാർത്ഥത്തിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/15.12.22 ന് മറുപടി ലഭ്യമാക്കിയില്ല. പട്ടികയിലെ ക്രമ നം. 1,2 എന്നിവ പ്രകാരമുള്ള തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ക്രമ നം. 3,4 എന്നിവയിലെ തുകകൾക്കുള്ള മരുന്ന് യഥാർത്ഥത്തിൽ ലഭിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ക്യാഷ് ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ഇല്ലായെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-31 രേഖകൾ ഹാജരാക്കിയില്ല - 129262 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | സർക്കാർ ആശുപത്രികൾക്ക് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ |
| പദ്ധതി നമ്പർ | 17/22 |
| പദ്ധതി അടങ്കൽ | 400000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 398001 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ |

സുലേഖ ചെലവ് പത്രിക, ബിൽ ബുക്ക് എന്നിവ പ്രകാരം ആകെ ചെലവ് തുക 398001 രൂപയാണ്. എന്നാൽ 268739 രൂപയുടെ ട്രഷറി ബില്ലുകളും മറ്റ് അനുബന്ധ രേഖകളും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ബിൽ ബുക്ക് പ്രകാരമുള്ള 129262 രൂപയുടെ 04/26.08.21 നം. ട്രഷറി ബില്ലും ചെലവ് രേഖകളും ലഭ്യമാക്കിയിട്ടില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/15.12.22 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 129262 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 വക്കം ആർഎച്ച്സിയ്ക്ക് ഇസിജി മെഷീൻ - പ്രോജക്ടിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | വക്കം ആർ.എച്ച്.സി യ്ക്ക് ഇസിജി മെഷീൻ |
| പദ്ധതി നമ്പർ | 20/22 |
| പദ്ധതി അടങ്കൽ | 80000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 80000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ |

1. മേൽ പ്രോജക്ടിന്റെ പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം ഇസിജി മെഷീൻ വാങ്ങുന്നതിന് മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ അതു കൂടാതെ 9440 ന്റെ Biomedix Solutions ൽ നിന്നും 17.03.22 ലെ ക്യാഷ് ഇൻവോയിസ് പ്രകാരം ECGZFOLD Paper കൂടി വാങ്ങിയിരിക്കുന്നു. ഇപ്രകാരം പ്രോജക്ടിൽ ഉൾപ്പെടുത്താത്ത സാധനം വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

2. Biomedix Solutions ൽ നിന്നുള്ള 04.02.22 ലെ പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ട്രഷറി ബിൽ നം.22/02.03.22 പ്രകാരം സ്ഥാപനത്തിന് 9440 രൂപ നൽകിയിരിക്കുന്നു. DMO യിൽ നിന്നും NAC വാങ്ങിയിട്ടില്ല.

എന്നാൽ ലഭ്യമാക്കിയ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള KL00101/NAC/ 00012/21-22 നം. നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതി 11.03.22 ആണ്. അതായത് നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു മുൻപായി തന്നെ സാധനം പർച്ചേസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിരിക്കുന്നു.

3. മേൽ പ്രകാരം പർച്ചേസ് ചെയ്ത ECGZFOLD Paper – 20 എണ്ണം, BPL Medical Technologies ൽ നിന്നും 03.12.21 ലെ ക്യാഷ് ഇൻവോയിസ് പ്രകാരം 70560 രൂപയ്ക്ക് പർച്ചേസ് ചെയ്ത Multi Channel Recorder (ഇസിജി മെഷീൻ) – 1 എണ്ണം എന്നിവ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 30/15.12.22 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-33 സെക്കന്ററി പെയിൻ പാലിയേറ്റീവ് പദ്ധതി സംബന്ധിച്ച്

| | |
|---|---|
| പദ്ധതിയുടെ പേര് | സെക്കന്ററി പെയിൻ പാലിയേറ്റീവ് പദ്ധതി |
| പദ്ധതി നമ്പർ | 29/22 |
| പദ്ധതി അടങ്കൽ | 300000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 250974 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2020-21 വർഷം മുതൽ തന്നെ പാലിയേറ്റീവ് വാഹനത്തിന്റെ ഡ്രൈവറായി വർക്ക് ചെയ്യുന്ന ശ്രീ.എൽബിൻ.ആർ ന് 2021-22 വർഷത്തിൽ ആകെ 83555 രൂപ വേതനം നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ സേവന കാലാവധി തൻവർഷം നീട്ടി നൽകിക്കൊണ്ടുള്ള ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വേതനം അനുവദിച്ചുകൊണ്ടുള്ള ട്രഷറി ബില്ലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പേര് മേരി എൽബിൻ എന്നാണ്. എന്നാൽ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സമർപ്പണത്തിൽ ഉള്ളത് എൽബിൻ.ആർ എന്നാണ്. ഈ പൊരുത്തക്കേടിനുള്ള കാരണം വ്യക്തമല്ല.

2. 18.11.21 ലെ പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് 20000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് ഇൻവോയിസ് ഇല്ല. 11/25.11.22 നം. ട്രഷറി ബില്ലിനോടൊപ്പം പ്രൊഫോർമ ഇൻവോയിസ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. അതിനാൽ മരുന്ന് യഥാർത്ഥത്തിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

3. പ്രോജക്ടിന്റെ ഭാഗമായി പർച്ചേസ് ചെയ്ത ചുവടെ പറയുന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

| ക്രമ നം. | ഇനം | സ്ഥാപനം | തുക | ട്രഷറി ബിൽ നം./തീയതി |
|---|---|---|---|---|
| 1 | Trolley Bag – 1 | Hercules Super Bazar | 3200 | 20/02.03.22 |
| 2 | Baby Basket – 2 | Hercules Super Bazar | 1300 | |
| 3 | GPS Device – 1 | Mary Matha Enterprises | 7000 | 24/07.03.22. ട്രഷറി ബിൽ പ്രകാരം തുക അനുവദിച്ചത് സിഎച്ച്സി, അഞ്ചുതെങ്ങിന്റെ പേരിലാണ്. കാരണം വ്യക്തമല്ല. |

4. ലഭ്യമാക്കിയ പാലിയേറ്റീവ് ഹോം കെയർ രജിസ്റ്റർ യഥാസമയം മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.29/15.12.22 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ 20000 രൂപയുള്ള മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ക്യാഷ് ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ഇല്ലായെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-34 ജനകീയ ഹോട്ടൽ -വിശപ്പ് രഹിത കേരളം-റിവോൾവിംഗ് ഫണ്ട് – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | SO027/22 |
| പ്രോജക്ടിന്റെ പേര് | ജനകീയ ഹോട്ടൽ - വിശപ്പ് രഹിത കേരളം - റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ | 120000/- (വികസന ഫണ്ട് - പൊതുവിഭാഗം-സാധാരണ വിഹിതം) |
| ചെലവ് | 120000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വ്യവസായ വികസന ഓഫീസർ |
| ബിൽ നമ്പർ | 57/30.9.2021 തുക 20000/-<br>58/30.9.2021 തുക 20000/-<br>59/30.9.2021 തുക 20000/-<br>60/30.9.2021 തുക 20000/-<br>72/11.10.2021 തുക 20000/-<br>330/5.3.2022 തുക 20000/- |

2021-22 വർഷത്തിൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന 6 ഗ്രാമപഞ്ചായത്തുകൾക്ക് (വക്കം, കടയ്ക്കാവൂർ, കിഴുവിലം, അഞ്ചുതെങ്ങ്, മുദാക്കൽ, ചിറയിൻകീഴ്) ജനകീയ ഹോട്ടൽ - വിശപ്പ് രഹിത കേരളം റിവോൾവിംഗ് ഫണ്ടിനത്തിൽ 20000/- രൂപാ വീതം അനുവദിക്കുകയും മേൽ ബില്ലുകൾ പ്രകാരം അതാത് പഞ്ചായത്തുകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിന് തുകകൾ ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനും ജനകീയ ഹോട്ടലിന്റെ പ്രവർത്തനം മനസ്സിലാക്കുന്നതിനും കത്ത് അയയ്ക്കാൻ ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുള്ളതായും മറുപടി ലഭിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5) മറുപടിയായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

കൂടാതെ സ.ഉ.(കൈ)നം.22/2018/തസ്വഭവ തീയതി: 14.2.2018 ലെ സബ്സിഡി മാർഗ്ഗരേഖ 6.4 ലെ 21.2 പ്രകാരം റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല. താൽക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണ്. ഇത് പ്രതിമാസ തവണകളായി തിരിച്ചടയ്ക്കണം. തിരിച്ചടവ്, സഹായം ലഭിച്ച് മൂന്ന് മാസം കഴിഞ്ഞ് ആരംഭിച്ചാൽ മതിയാകും. ആദ്യത്തെ ഒൻപത് മാസം ഇ.എം.ഐ കുറഞ്ഞ നിരക്കിൽ നിശ്ചയിച്ച് ഉദ്യോഗസ്ഥൻ ക്രമീകരിക്കണം. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് തവണ തുക തിരിച്ചടയ്ക്കേണ്ടത് ഈ ആവശ്യത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ആരംഭിക്കുന്ന റിവോൾവിംഗ് ഫണ്ട് റീക്ലപ്പ്മെന്റ് ബാങ്ക് അക്കൗണ്ടിലേയ്ക്കാണ്. റീക്ലപ്പ്മെന്റ് ഫണ്ടിൽ വരുന്ന തുകയും അടുത്ത വർഷം തദ്ദേശഭരണ സ്ഥാപനം വകയിരുത്തുന്ന തുകയും ചേർന്നതായിരിക്കും വരും വർഷത്തെ റിവോൾവിംഗ് ഫണ്ട്. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് സംബന്ധിച്ച് ഒരു രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതും അതിൽ ഓരോ സംരംഭകർക്കും ഓരോ ഫോളിയോ നൽകി റിവോൾവിംഗ് ഫണ്ട് തവണ ഇടപാടുകൾ ബാങ്ക് വായ്പ, കാലാവധി, പലിശ നിരക്ക് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും തിരിച്ചടവ് സംബന്ധിച്ച ബാങ്ക് സ്ലിപ്പുകളുടെ പകർപ്പുകൾ അതാത് സമയം നിർവ്വഹണ ഉദ്യോഗസ്ഥന് നൽകി രജിസ്റ്ററിൽ വരവ് വയ്ക്കേണ്ടതുമാണ്. ഇപ്രകാരം ഫണ്ട് റിവോൾവ് ചെയ്ത് ഉപയോഗപ്പെടുത്തുന്നതിനുള്ള രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-35 കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങിയതിൽ ഇൻവോയ്സുകളിലെ വ്യത്യാസം

| | |
|---|---|
| പ്രോജക്ട് നം. | SO015/22 |
| പ്രോജക്ടിന്റെ പേര് | സംരംഭകത്വ വികസന കേന്ദ്രം |
| അടങ്കൽ | 50000/- (വികസന ഫണ്ട് - പൊതുവിഭാഗം-<br>സാധാരണ വിഹിതം) |
| ചെലവ് | 47247/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വ്യവസായ വികസന ഓഫീസർ |
| ബിൽ നമ്പർ | 50/17.9.2021 |

2021-22 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് പരിധിയിൽപ്പെടുന്ന സംരംഭകർക്ക് വ്യവസായം തുടങ്ങുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും വിവിധ അപേക്ഷകൾ ഓൺലൈനായി ചെയ്യുന്നതിനും പ്രോജക്ട് റിപ്പോർട്ട് പരിശോധിക്കുന്നതിനും ആവശ്യമായ സൗകര്യം ലഭ്യമാക്കുക എന്ന പദ്ധതിയ്ക്കായി കമ്പ്യൂട്ടറും പ്രിന്ററും കെൽട്രോണിൽ നിന്നും വാങ്ങുന്നതിനായി Proforma Invoice പ്രകാരമുള്ള തുകയായ 47247/-രൂപ മേൽ ബിൽ പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ Acer India (Private) Limited ന്റെ Tax Invoice പ്രകാരം 26181.84, HP India Sales Private Limited ന്റെ Tax Invoice പ്രകാരം 19246/- രൂപയുമാണ് ബില്ലുകളിലുള്ളത്. മേൽ ബില്ലുകളിൽ 1819/-രൂപയുടെ

വ്യത്യാസം കാണുന്നു. വാറണ്ടിയുമായി ബന്ധപ്പെട്ട ആവശ്യത്തിനായാണ് കമ്പനികളുടെ ടാക്സ് ഇൻവോയ്സ് സൂക്ഷിച്ചിരിക്കുന്നതെന്ന് ഓഡിറ്റ് എൻക്വയറി നം.12ന് മറുപടിയായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

പ്രൊഫോർമ ഇൻവോയ്സ് പ്രകാരം അധികം നൽകിയ 1819/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | 2020-21 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP-7, RP-31 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2021-22 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 6120163 | 2824000 | 8944163 | 0 | 8944163 | 0 |
| വില്ലേജ്/ഗ്രാമ പഞ്ചായത്ത് വിഹിതം | 1769024 | 5270580 | 7039604 | 0 | 7039604 | 4132983 |

മുന്നിരിപ്പ്, വരവ്, ചെലവ് എന്നിവ കണക്കാക്കുമ്പോൾ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിൽ നിന്നുള്ള ചെലവ് വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല. മേൽ വ്യത്യാസം പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചത് | നീക്കി യിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2021-22 | | | | | |
| കേരള വാട്ടർ അതോറിറ്റി | 3241888 | 144/22-അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് സമഗ്ര കുടിവെള്ള വിതരണ പദ്ധതിയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കൽ | 1242487 | - | 1242487 | - | 4484375 |
| | | ആകെ | 1242487 | | 1242487 | | |
| ഭൂജല വകുപ്പ് | 0 | 101/22 – കുഴൽക്കിണർ നിർമ്മാണം ജിപിഎഫ് ലേയ്ക്ക് തുക തിരികെ നൽകൽ | 72824 | - | 72824 | - | 72824 |
| | | ആകെ | 72824 | | 72824 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2021-22 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഐ.എ.വൈ ലോൺ (ചിറയിൻകീഴ് എസ് സി ബി) | G.O.No. 1523/2010/LSG തീയതി 29.07.2013 | 7867950 | 2360385 | 786795 | 1573590 |
| ഐ എ വൈ ലോൺ (ഇടയ്ക്കോട്എസ് സി ബി) | - | 15716148 | 7540621 | - | 7540621 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 170,89,724 |
| ഓഡിറ്റ് വർഷത്തെ വരവ് | 857,00,499 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 771,29,690 |
| നീക്കിയിരിപ്പ് | 256,60,533 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,98,212 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 48,950 | ഡോ. സബ്ലു.ഡി.എസ്, മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ |
| 1-15 | 7,20,000<br>8,00,000 | സുസ്മിത, ക്ഷീരവികസന ഓഫീസർ, |
| 1-31 | 1,29,262 | ഡോ. ഷ്യാമ്ജി വോയിസ്, മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ |
| ആകെ | 16,98,212 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സബ്ന.ഡി.എസ്, മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | ലഭ്യമല്ല | ടി.സി.17/1755(2)പുര17ബി, പൂജപ്പുര, തിരുവനന്തപുരം -12 |
| ശ്രീമതി.സുസ്മിത ക്ഷീരവികസന ഓഫീസർ | ലഭ്യമല്ല | ജയലക്ഷ്മി, കഴിവിള, കരിമണൽ.പി.ഒ, തിരുവനന്തപുരം |
| ശ്രീമതി രാജലക്ഷ്മി, ശിശുവികസന പ്രോജക്ട് ഓഫീസർ | വിരമിച്ചു | ശരത് ഭവൻ, വക്കം.പി.ഒ, തിരുവനന്തപുരം |
| ഡോ. ഷ്യാമ്ജി വോയിസ്, മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ | ലഭ്യമല്ല | ഗേളി മഹൽ, പുന്നമൂട്, വർക്കല, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 2 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 1 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 3 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 2 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 4 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 2 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 8 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 12 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2051/2022, തീയതി 27.10.2022 | 17 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ബി.പി./806/2020, തീയതി 14.08.2020 | 29 |
| 2019-20 | കെ.എസ്.എ.ടി.വി.എം/ബി.പി/265/2022, തീയതി 19.03.2022 | 44 |
| 2020-21 | കെ.എസ്.എ.ടി.വി.എം/ബി.പി/647/2022, തീയതി 1.6.22 | 32 |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

എസ്

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്